ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരുന്ന SLP(C) No. 19380/2014 നമ്പർ കേസിന്റെ വാദം നടന്നുവരുന്നു. ഈ കേസ് 27-4-2015-ന് വീണ്ടും പരിഗണിക്കുന്നതാണെന്നറിയുന്നു. കേസ് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പയ്യന്നൂരിലെ മിനി സിവിൽസ്റ്റേഷൻ നിർമ്മാണ പ്രവർത്തനം

326 (1370) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂരിലെ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും പ്രസ്തുത പ്രവർത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 28-2-2011-ലാണ് പയ്യന്നൂരിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്.

(ബി) പ്രസ്തുത നിർമ്മാണസ്ഥലം മൂന്ന് കോടതികളുടെ പരിസരമായതിനാൽ, കോടതി പ്രവർത്തന സമയത്ത് പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവരുന്നതിനാലും, അതു കഴിഞ്ഞുള്ള സമയങ്ങളിൽ ജോലിക്കാരെ കിട്ടാൻ പ്രയാസമായതിനാലുമാണ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ വൈകുന്നത്.

(സി) ഇന്റർലോക്ക് പ്രവൃത്തി പൂർത്തിയാകാനുണ്ട്. മാർച്ച് മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

327 (1371) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(സി) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലം നിർമ്മാണത്തിന് RIDF XX പദ്ധതിയിൽപ്പെടുത്തി 16.90 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ തടസ്സമില്ല.

(സി) സാങ്കേതികാനുമതി ലഭ്യമായശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ

328 (1372) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; ഇതിന്റെ ഭരണാനുമതി തുക മൊത്തം എത്രയാണ് ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) എത്ര പ്രവൃത്തികൾ ടെണ്ടർ എടുത്ത് എഗ്രിമെന്റ് വെച്ച് പ്രവൃത്തി നടന്നുവരുന്നുണ്ട് ;

(ഡി) ടെണ്ടറിൽ പോകാത്തതും, ടെണ്ടർ എടുത്ത് എഗ്രിമെന്റ് ചെയ്യാത്തതും ആയ പ്രവൃത്തികൾ എത്ര എണ്ണം ഉണ്ട് ; ഇതിന്റെ ഭരണാനുമതി തുക എത്ര വരും ;

(ഇ) ഭരണാനുമതി നൽകിയ പ്രവൃത്തി സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly